**നം.എം4/37317/14/ഡി.പി.ഐ**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം തിരുവനന്തപുരം
തീയതി: 19/5/2014

# സർക്കുലർ

വിഷയം : പകർച്ചവ്യാധി പ്രതിരോധത്തിനുള്ള മഴക്കാല പൂർവ്വ തയ്യാറെടുപ്പുകൾ സംബന്ധിച്ച്.

സൂചന : ആരോഗ്യ വകുപ്പു ഡയറക്ടറുടെ 7/5/2014-ലെ 024/IDSP/14-15 നംപർ കത്ത്.

മഴക്കാലത്തിനു മുൻപുള്ള പകർച്ചാവ്യാധി പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ വിലയിരുത്തുവാനും തുടർ നടപടികൾ സ്വീകരിക്കുവാനും വേണ്ടി ആരോഗ്യവകുപ്പു ഡയറക്ടറുടെ ചേംബറിൽ 14/5/14 ന് കൂടിയ യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി നിർദ്ദേശിക്കുന്നു. മൺസൂൺ കാലത്ത് ഉണ്ടാകാൻ സാധ്യതയുള്ള പകർച്ചവ്യാധികളെ തടയുന്നതിന് ആവശ്യമായ മുൻകരുതലുകളും പ്രവർത്തനങ്ങളും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ആയതിലേയ്ക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

1. എല്ലാ സർക്കാർ, എയ്ഡഡ് അൺഎയിഡഡ് സ്കൂളുകളിലും എല്ലാ ബുധനാഴ്ചകളിലും ആരോഗ്യ അസംബ്ലികൾ സംഘടിപ്പിച്ച് പകർച്ച വ്യാധി ബോധവൽക്കരണവും പ്രതിരോധ – നിയന്ത്രണപ്രവർത്തന ങ്ങളും ഊർജ്ജിതപ്പെടുത്തണം, സ്റ്റുഡൻസ് –പോലീസ്, എൻ.എസ്.എസ്, എൻ.സി.സി, സ്കൗട്ട്സ് ആന്റ് ഗൈഡ്സ് മുതലായവയുടെ സജീവ പങ്കാളിത്തം ഇക്കാര്യത്തിൽ ഉറപ്പുവരുത്തണം.
2. ജലജന്യ കൊതുകുജന്യരോഗങ്ങൾ, എലിപ്പനി, എന്നിവയുടെ വിവര ങ്ങളെക്കുറിച്ച് കുട്ടികളെ കുട്ടികളെ ബോധവാൻമാരാക്കുക.
3. വൃത്തിയായ സ്കൂളും പരിസരവും, ശുദ്ധമായ കുടിവെള്ളം, കൊതുകു കളുടെ ഉറവിട നശീകരണം, ഭക്ഷ്യശുചിത്വം, ചിട്ടയായ ഖര–ദ്രവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം, ശുചിത്വമുള്ള മൂത്രപ്പുരകളുടെയും കക്കൂസുകളുടെയും നിർമ്മാണം സംരക്ഷണം എന്നിവ ഉറപ്പാക്കുക. എല്ലാ വെള്ളിയാഴ്ചയും ഇതിനായി സമയം അനുവദിക്കുക.
4. ഡയറ്റ് ക്ലബ്,ഹെൽത്ത് ക്ലബ്, എൻ.സി.സി, പി.ടി.എ, സ്കൂൾ ഹെൽത്ത് ക്ലബ്, സ്കൗട്ട് ആന്റ് ഗൈഡ് തുടങ്ങിയവ വഴി ആരോഗ്യ ബോധ

വൽക്കരണ പ്രവർത്തനങ്ങളും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും സ്കൂളുകളിലും അതാത് പ്രദേശങ്ങളിലും കാര്യക്ഷമമാക്കുക.

5. സ്കൂൾ അസംബ്ലികളിൽ ആരോഗ്യസന്ദേശങ്ങൾ വായിക്കുക.
6. വയറിളക്കം രോഗനിയന്ത്രണ വാരാചരണം, മലമ്പനി/ഡെങ്കിപനി നിയന്ത്രണ മാസാചരണം, തുടങ്ങിയവയുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരങ്ങൾ, പ്രബന്ധമത്സരങ്ങൾ, പോസ്റ്റർ രചനാ മത്സരങ്ങൾ തുടങ്ങിയവ നടത്തുക.
7. വിദ്യാർത്ഥികളെകൊണ്ട് പകർച്ചാവ്യാധി നിയന്ത്രണത്തിന്റെ വിവിധ വശങ്ങളെ കുറിച്ചുള്ള പ്രോജക്ടുകൾ ചെയ്യിക്കുക.
8. കുത്താടി നശീകരണത്തിനായി ഗപ്പി മത്സ്യം വളർത്തി വിതരണം നടത്തുക.
9. 3/6/14 മുതൽ 3 ദിവസം ശുചീകരണ പ്രവർത്തനങ്ങളും കൊതുകു നിവാരണ പ്രവർത്തനങ്ങളും നടത്തുക.
10. 22 മുതൽ 2 ദിവസം വിദ്യാലയങ്ങളിലും ഓഫീസുകളിലും ഡ്രൈഡേ ആചരിക്കുകയും വിദ്യാലയങ്ങളിലും ഓഫീസുകളിലും കുടിവെള്ളത്തിന്റെ ഉറവിടങ്ങളും സംഭരണികളും വൃത്തിയാക്കുക.

മേൽ പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളിലും എത്തിക്കുകയും അവ നടപ്പിൽ വരുത്തി എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പുവരുത്തുകയും വേണം.

(ഒപ്പ്)
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

<u>**പകർപ്പ്**</u>

എല്ലാ വിദ്യാഭ്യാസഉപഡയറക്ടർമാർക്കും.